**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3413** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഗൺ ലൈസൻസിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഗൺ ലൈസൻസിന് അപേക്ഷിക്കാനുള്ള മാനദണ്ഡങ്ങളും തുടർന്നുള്ള നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | ആയുധ നിയമം 1959 നിയമം സെക്ഷൻ 13 (3) പ്രകാരം സാധാരണയായി സ്വയരക്ഷ, സ്പോർട്സ്, കാർഷികാവശ്യം എന്നിവയ്ക്കാണ് ആയുധ ലൈസൻസ് അനുവദിച്ച് നൽകുന്നത്. പുതിയ ആയുധ ലൈസൻസിനുള്ള അപേക്ഷ നിശ്ചിത ഫോർമാറ്റിൽ (A1) സമർപ്പിയ്ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം FORM S-1 (Standard Format of Training certificate), FORM -S2 (standard Format of undertaking for Safe Storage of Fire Arms), Form S-3 (Standard Format of medical Certificate) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. പുതിയ ആയുധ ലൈസൻസിനുള്ള അപേക്ഷ ഫീസ് 1000/- രൂപ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്. ആയുധ ലൈസൻസിനുള്ള അപേക്ഷ ലഭിച്ച് കഴിഞ്ഞാൽ ആയുധ നിയമം 1959 സെക്ഷൻ 13 (2) പ്രകാരം പോലീസ് റിപ്പോർട്ട് ആവശ്യപ്പെടേണ്ടതുണ്ട്. ആവശ്യമുള്ള കേസ്സുകളിൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടും ആവശ്യപ്പെടാറുണ്ട്. |
| (ബി) | ഗൺ ലൈസൻസിനായുള്ള പുതിയ അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകരെ അറിയിക്കാറുണ്ടോ; എങ്കിൽ എത്ര ദിവസത്തിനകമാണറിയിക്കാറുള്ളത്; | (ബി) | ആയുധ ലൈസൻസിനായുള്ള അപേക്ഷ നിരസിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത വിവരം അപേക്ഷകനെ ഉടനെ അറിയിക്കാറുണ്ട്. സാധാരണയായി ഇതിനു പതിനഞ്ച് ദിവസത്തിൽ കൂടുതൽ എടുക്കാറില്ല. |
| (സി) | സ്വീകരിക്കപ്പെടുന്ന അപേക്ഷകളിന്മേൽ എത്ര ദിവസങ്ങൾക്കുള്ളിലാണ് നടപടികൾ പൂർത്തീകരിച്ച് ലൈസൻസ് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ; | (സി) | ആയുധ ചട്ടം 2016 ചട്ടം 13 പ്രകാരം എല്ലാ വ്യവസ്ഥകളും പാലിക്കപ്പെട്ട ആയുധ ലൈസൻസിനുള്ള അപേക്ഷകളിൽ പോലീസിൽ നിന്നുള്ള റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനുള്ളിൽ തീരുമാനം കൈക്കൊള്ളേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കാസർഗോഡ് കളക്ടറേറ്റിൽ ലൈസൻസിനായുള്ള പുതിയ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇവയിൽ നിരസിക്കപ്പെട്ട അപേക്ഷകൾ എത്രയാണെന്നും നിരസിക്കാനുള്ള കാരണമെന്താണെന്നും അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | കാസർഗോഡ് ജില്ലയിൽ 2023 വർഷത്തിൽ പുതിയ ആയുധ ലൈസൻസിന് 37 അപേക്ഷകളും, 2024 വർഷത്തിൽ 36 അപേക്ഷകളും ലഭിച്ചിട്ടുണ്ട്. 2023 വർഷത്തിൽ 10 അപേക്ഷകളാണ് നിരസിച്ചിട്ടുള്ളത്.കാർഷികാവശ്യത്തിനുള്ള 8 അപേക്ഷകൾ പൊതുസുരക്ഷാ കാരണങ്ങളാലും സ്വയരക്ഷയ്ക്കുള്ള 2 അപേക്ഷകൾ സെക്യൂരിറ്റി ജോലി ആവശ്യത്തിനായി ലൈസൻസ് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാലും നിരസിച്ചിട്ടുള്ളതാണ്.<br><br>2024 വർഷത്തിൽ സ്വയരക്ഷയ്ക്കുള്ള ഒരു അപേക്ഷ മാത്രമാണ് നിരസിച്ചിട്ടുള്ളത്.സെക്യൂരിറ്റി ജോലി ആവശ്യത്തിനായി ലൈസൻസ് അനുവദിക്കുവാൻ നിർവ്വാഹമില്ലാത്തതിനാലാണ് ഈ അപേക്ഷ നിരസിച്ചിട്ടുള്ളത്. |
| (ഇ) | എല്ലാ മാനദണ്ഡങ്ങളും പാലിച്ച അപേക്ഷകൾ എത്രയാണെന്നും എപ്പോഴാണ് ഇവർ അപേക്ഷ സമർപ്പിച്ചതെന്നും അപേക്ഷ തിരിച്ചു വ്യക്തമാക്കാമോ; ഇവരിൽ എത്രപേർക്ക് ലൈസൻസ് അനുവദിച്ചുവെന്നും എത്രദിവസം കഴിഞ്ഞാണ് ലൈസൻസ് നൽകിയതെന്നും അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ; കാല വിളമ്പം ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (ഇ) | പുതിയ ആയുധ ലൈസൻസിനുള്ള അപേക്ഷകളിൽ ആംസ് റൂൾ 39 പ്രകാരം ലൈസൻസ് ലഭിച്ച അംഗീകൃത പരിശിലകൻ അല്ലെങ്കിൽ മാസ്റ്റർ അംഗീകൃത പരിശീലകൻ നൽകിയ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ചട്ടം 10ൽ നിഷ്കർഷിച്ചു കാണുന്നു. ലഭിച്ച അപേക്ഷകളിൽ പ്രസ്തുത വ്യവസ്ഥ പാലിച്ചു കാണുന്നില്ല.<br>2023 വർഷത്തിൽ സ്വയ രക്ഷയ്ക്കുള്ള ഒരു ആയുധ ലൈസൻസ് മാത്രമാണ് കാസറഗോഡ് ജില്ലയിൽ അനുവദിച്ചിട്ടുള്ളത്. ആയുധ ലൈസൻസിനായി 11/7/2023 തീയതി അപേക്ഷ സമർപ്പിച്ചിരുന്നതും, 24/02/2024 തീയതി ആയുധ ലൈസൻസ് അനുവദിച്ച് ഉത്തരവായിട്ടുള്ളതുമാണ്. ഇക്കാര്യത്തിൽ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ട് ലഭിക്കാനുണ്ടായ കാലതാമസം മൂലമാണ് ലൈസൻസ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടത്. |
| (എഫ്) | എല്ലാ നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ച എത്ര അപേക്ഷകർക്ക് ലൈസൻസ് അനുവദിക്കുവാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ? | (എഫ്) | പുതിയ ആയുധ ലൈസൻസിനുള്ള അപേക്ഷകളിൽ ആംസ് റൂൾ 39 പ്രകാരം ലൈസൻസ് ലഭിച്ച അംഗീകൃത പരിശീലകൻ അല്ലെങ്കിൽ മാസ്റ്റർ അംഗീകൃത പരിശീലകൻ നൽകിയ ട്രെയിനിംഗ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ചട്ടം 10ൽ നിഷ്കർഷിച്ചു കാണുന്നു. ലഭിച്ച അപേക്ഷകളിൽ പ്രസ്തുത വ്യവസ്ഥ പാലിച്ചു കാണുന്നില്ല. |

സെക്ഷൻ ഓഫീസർ